കാർഷിക പരിശീലനം നേടിയവർക്ക് തൊഴിലവസരങ്ങൾ നൽകാൻ നടപടി

105 (4728) ശ്രീ. എം. മുരളി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക പരിശീലനം നേടിയ യുവതീയുവാക്കൾക്ക് കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെടുത്തി എക്സ്റ്റൻഷൻ പ്രവർത്തനം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിനായി യുവതീ യുവാക്കളെ തെരഞ്ഞെടുക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം തൊഴിൽ പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടത് എന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ പരിശീലനം നൽകുന്നവർക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന കാർഷിക പ്രവർത്തനങ്ങളിൽ തൊഴിലവസരങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി,സി&ഡി) ബാധകമല്ല.

ബഡ്സ് സ്ഥാപനങ്ങളുടെ നടത്തിപ്പിന് മെയിന്റനൻസ് ഗ്രാന്റ്

106 (4729) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന സ്പെഷ്യൽ സ്കൂളായ "ബഡ്സ്" സ്ഥാപനങ്ങളുടെ നടത്തിപ്പിന് തദ്ദേശസ്ഥാപനങ്ങളുടെ എം. ജി. എൻ. ആറി-ൽ നിന്ന് ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന ബഡ്സ് സ്കൂളുകൾക്ക് ഫർണിച്ചർ, പഠനോപകരണങ്ങൾ, ചികിൽസാ ഉപകരണങ്ങൾ, കുട്ടികൾക്കാവശ്യമായ മരുന്ന് എന്നിവ ലഭ്യമാ

LIBRARY ARCHIVES Kerala Legislative Assembly

ക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുമായി കൂടിയാലോചിച്ച് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്കും ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

ജനന - മരണ സർട്ടിഫിക്കറ്റ്

107 (4730) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-1-2000 മുതൽ ജനന-മരണ സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ഫീസ് സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ നഗരസഭകളിൽ എപ്പോഴാണ് ഇത് നടപ്പിലാക്കിയത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിശ്ചിത സമയ പരിധിക്കുള്ളിൽ ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഒടുക്കേണ്ടതില്ല.

(ബി) ഫീസ് വർദ്ധനവ് നടപ്പിലാക്കിയിട്ടില്ല.

ആശ്രയ പദ്ധതി

108 (4731) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രയ പദ്ധതിയിലൂടെ എത്ര പേർക്ക് സഹായം നൽകാൻ ഈ ഗവൺമെന്റിന്റെ കാലത്ത് സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത് എന്നു മുതലാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) 2006 മേയ് 17 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര മുനിസിപ്പാലിറ്റികളിലും എത്ര പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി നടപ്പാക്കുകയുണ്ടായി ;

(ഡി) 2006 മേയ് 17 മുതൽ 2010 മാർച്ച് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്തൊട്ടാകെ എത്ര മുനിസിപ്പാലിറ്റികളിലും എത്ര പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(ഇ) 2006 മെയ് മുതൽ 2010 മാർച്ച് വരെയുള്ള ഓരോ വർഷവും ഈ പദ്ധതിയുടെ നടത്തിപ്പിലേക്ക് എത്ര തുക വീതം അനുവദിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly